## മലങ്കര ഓർത്തഡോക്സ് സുറിയാനി ക്രിസ്ത്യാനികളുടെ കുടുംബാരാധനക്രമം

ഇരുപത്തിമൂന്നാം പതിപ്പ് 2008

കോപ്പി: 5000

പ്രസിദ്ധീകരണം:
മലങ്കര ഓർത്തഡോക്സ് സഭ
പ്രസിദ്ധീകരണ വകുപ്പ്
ദേവലോകം, കോട്ടയം

(All Rights Reserved)

അച്ചടി:

വില: **8.00 രൂപ**

**ISBN NO. 81-86631-12-7**

MALANKARA ORTHODOX TV



## പരിശുദ്ധ ഔഗേൻ കാതോലിക്കാബാവാ തിരുമനസ്സിലെ കല്പന

നമ്പർ 295/74

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭാംഗങ്ങളായ നമ്മുടെ എല്ലാ വാത്സല്യ മക്കൾക്കും വാഴ്വ്.

പ്രിയരെ,

ആരാധന സഭയുടെ ജീവനാഡിയാണ്. ആരാധനാപ്രധാനമായ നമ്മുടെ സഭയിൽ പുരാതനകാലം മുതലേ നിശ്ചിതങ്ങളായ തക്സാകളും ശുശ്രൂഷക്രമങ്ങളും നിലവിലിരിക്കുന്നുണ്ടെങ്കിലും അവ അധികവും പള്ളികളിൽ വൈദികരോടു ബന്ധപ്പെട്ടു മാത്രമാണിരിക്കുന്നത്. എന്നാൽ സഭയിൽ ഭൂരിഭാഗം വരുന്ന ജനങ്ങൾക്ക് കുടുംബത്തിൽ ഉപയോഗയോഗ്യമായ ഒരു ആരാധനക്രമം ഉണ്ടായിരിക്കേണ്ടത് അത്യാവശ്യമാണ്. ഓരോ കാലത്തായി മലങ്കരയിൽ തെക്കും വടക്കും പലവിധത്തിലുള്ള നമസ്കാരക്രമങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും അവ

MALANKARA ORTHODOX TV

യ്ക്ക് പ്രായോഗികതലത്തിൽ ഉദ്ദേശപ്രാപ്തി ലഭിക്കാതിരിക്കയാണ്. ആരാധന കുടുംബങ്ങ ളിൽ നിന്നു നഷ്ടപ്പെടാതിരിക്കണമെങ്കിൽ, മിത മായ സമയം, ഭാഷാലാളിത്യം, ഉള്ളടക്കം, ശിശു പ്രായം മുതൽ മനഃപാഠമാക്കുന്നതിനുള്ള വശ്യത എന്നിവ അനുപേക്ഷണീയമാണ്. വിദ്യാ ർത്ഥികൾ, ഉദ്യോഗസ്ഥന്മാർ, വ്യവസായികൾ, കൃഷിക്കാർ എന്നീ വിവിധ തുറകളിൽപ്പെട്ടവർ ക്ക് പൊതുവായി ബാധിക്കേണ്ടതാണ് ആരാധ നക്രമം. സഭാംഗങ്ങൾ അറിയുകയും വിശ്വസി ക്കുകയും ചെയ്യേണ്ട പല കാര്യങ്ങളും ആരാധ നക്രമത്തിൽ അടങ്ങിയിരിക്കയും വേണം. ഈ ഉദ്ദേശ്യങ്ങൾ മുൻനിർത്തി നമ്മുടെ എപ്പിസ്കോ പ്പൽ സുന്നഹദോസിന്റെ നിർദ്ദേശാനുസരണം ഒരു കുടുംബാരാധനക്രമം തയ്യാറാക്കപ്പെടു കയും സുന്നഹദോസ് അതു പരിശോധിച്ച് പ്രസി ദ്ധീകരണത്തിനായി നിശ്ചയിക്കുകയും ചെയ്തി ട്ടുള്ളതാകുന്നു. ആകയാൽ ഇതു പ്രസിദ്ധീകരി ക്കുവാൻ നാം അനുവദിക്കുകയും; സഭാമക്ക ളായ എല്ലാവരും ഇത് ഉപയോഗിച്ച് ആരാധനാ ജീവിതത്തെ ധന്യമാക്കിത്തീർക്കണമെന്ന് ഉദ്




ബോധിപ്പിക്കുകയും ചെയ്യുന്നു.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരുടെയും മേൽ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

ആയത് ദൈവമാതാവായ വിശുദ്ധ കന്യക മറിയാം അമ്മയുടെയും, ഇന്ത്യയുടെ കാവൽ പിതാവായ മാർ തോമ്മാ ശ്ലീഹായുടെയും, ശേഷം എല്ലാ ശുദ്ധിമാന്മാരുടെയും ശുദ്ധിമതി കളുടെയും പ്രാർത്ഥനകളാൽ തന്നെ.

എന്ന്,

1974 ഒക്ടോബർ 30-ാം തീയതി
പരുമല സെമിനാരിയിൽ നിന്ന്.



**പൗരസ്ത്യ കാതോലിക്കായും**
**മലങ്കര മെത്രാപ്പോലീത്തായുമായ**
**ബസ്സേലിയോസ് ഔഗേൻ പ്രഥമൻ**

MALANKARA ORTHODOX.TV
MALANKARA ORTHODOX.TV

അളവറ്റ കൃപയെ ഞങ്ങൾ സ്തോത്രം ചെയ്യുന്നു. സർവ്വശക്തനായ പിതാവേ, നിന്നിൽക്കൂടെ ദൈനംദിനം മുന്നേറുന്നതിന് ഞങ്ങളെ സഹായിക്കണമെ.

കഴിഞ്ഞകാലങ്ങളിലെ വിജയങ്ങളിൽ നിഗളിക്കാതെ എല്ലാം നിന്റെ കൃപയാൽ മാത്രം നടന്നു എന്നോർത്ത് സ്തോത്രം ചെയ്യുന്നതിനും നിന്റെ കൃപയിൽ ആശ്രയിച്ച് അദ്ധ്വാനിക്കുന്നതിനും സംഗതിയാക്കണമെ. ജീവിതത്തിൽ വന്നുപോയിട്ടുള്ള തോൽവിയെപ്പറ്റി അമിതമായി വ്യസനിക്കാതെ, അവ ആവർത്തിക്കാതിരിക്കുന്നതിനുള്ള സൂക്ഷ്മതയും ശക്തിയും ഞങ്ങൾക്കു നൽകേണമെ.

നാഥാ, അടുത്ത നിമിഷങ്ങളിൽ എന്തു സംഭവിക്കുമെന്ന് ഞങ്ങൾ അറിയുന്നില്ല. ഞങ്ങൾക്ക് ഉണ്ടാകാവുന്ന പരീക്ഷകളിലും പരിശോധനകളിലും, ഞങ്ങൾ വീണുപോകാതെ പരിശുദ്ധാത്മാവിനാൽ നീ ഞങ്ങളെ നയിക്കുമാറാകണമെ. നിന്റെ ശബ്ദം കേട്ട് തിരുഹിതപ്രകാരം ജീവിപ്പാൻ ഞങ്ങളെ സഹായിക്കണമെ. സ്വശക്തി



യിലോ മനുഷ്യരിലോ ലോകശക്തികളിലോ ആശ്രയിക്കാതെ, എല്ലാറ്റിനും ഉപരിയായി നിന്റെ ശക്തിയിലും, ആലോചനയിലും ആശ്രയിച്ചുകൊണ്ട് പ്രവർത്തിക്കാൻ, ഞങ്ങളെ പഠിപ്പിക്കണമെ.

“എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങളുണ്ട്. ഇല്ലെങ്കിൽ ഞാൻ നിങ്ങളോടു പറയുമായിരുന്നു. ഞാൻ നിങ്ങൾക്കു സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിയാൽ, ഞാൻ ഇരിക്കുന്നിടത്ത് നിങ്ങളും ഇരിക്കേണ്ടതിന്, ഞാൻ പിന്നെയും വന്ന് നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും” എന്ന് അരുളിച്ചെയ്ത കർത്താവേ! ഈ ലോകം ശാശ്വതമല്ലെന്നും പരലോകത്തിലേക്കുള്ള ഒരുക്കമാണെന്നും ഓർത്ത് നാൾതോറും, ഒരുങ്ങി ജീവിക്കുവാൻ ഞങ്ങളെ സഹായിക്കണമെ. അന്ത്യനാളിൽ നിന്റെ രണ്ടാമത്തെ എഴുന്നള്ളത്തിൽ “കൊള്ളാം, നല്ലവനും വിശ്വസ്തനുമായ ദാസാ” എന്ന വിളി കേൾക്കുന്നതിനും, നിന്റെ പരമാനന്ദത്തിൽ സന്തോഷി

MALANKARAORTHODOX.TV
MALANKARAORTHODOX.TV

ക്കുന്നതിനും ഞങ്ങളെ എല്ലാവരെയും യോഗ്യരാക്കണമെ. ഞങ്ങൾ നിന്നെയും നിന്റെ പിതാവിനെയും നിന്റെ വിശുദ്ധ റൂഹായേയും, ഇപ്പോഴും എപ്പോഴും എന്നേക്കും മഹത്വപ്പെടുത്തുമാറാകണമെ. ആമ്മീൻ.

## 4. ജന്മദിനസ്തോത്ര പ്രാർത്ഥന

(വി. മത്തായി 25:1-13 വരെ വായിക്കുക)

സകല ജീവന്റെയും ഉറവിടമായ സ്വർഗ്ഗസ്ഥ പിതാവാം ദൈവമേ, ഈ നിന്റെ ദാസന് (ദാസിക്ക്) ഇതുവരെയും നീ നൽകിയ എല്ലാ അനുഗ്രഹങ്ങൾക്കും ദിവ്യനടത്തിപ്പിനും വേണ്ടി, ഇവന്റെ (ഇവളുടെ) ജന്മദിനത്തിൽ നിന്നെ ഞങ്ങൾ സ്തോത്രം ചെയ്യുന്നു. ഇവന്റെ (ഇവളുടെ) ജീവിതകാലം മുഴുവനും നിന്റെ പ്രീതിവാത്സല്യവും, സംരക്ഷണവും, ഇവന് (ഇവൾക്ക്) ഉണ്ടായിരിക്കണമെ. ഇവന്റെ (ഇവളുടെ) ജീവിതത്തിൽ നേരിടാവുന്ന എല്ലാ പരീക്ഷകളിലും ഇവന് (ഇവൾക്ക്) നീ സഹായിയും കാവൽക്കാരനുമായിരിക്കണമെ. സകല ആപത്തുകളിൽ നിന്നും, രോഗ



ങ്ങളിൽ നിന്നും, പ്രയാസങ്ങളിൽ നിന്നും ഇവനെ (ഇവളെ) സംരക്ഷിച്ചുകൊള്ളണമെ. ആത്മശരീരങ്ങളുടെ ദുഃഖത്തെ ഇവനിൽ (ഇവളിൽ) നിന്ന് അകറ്റണമെ. പ്രതികൂലങ്ങളിൽ നിന്ന് കാവൽ മാലാഖ മൂലം സംരക്ഷിച്ച് പ്രകാശപുത്രനായി ഇവനെ (ഇവളെ) വളർത്തണമെ. സുകൃതജീവിതത്താൽ ഇവനെ (ഇവളെ) അലങ്കരിക്കണമെ. നിന്റെ നിത്യരാജ്യത്തിന് അവകാശിയായിരിപ്പാൻ ഇവന് (ഇവൾക്ക്) സംഗതിയാക്കണമെ. പുതിയ തീരുമാനങ്ങളോടും ദർശനത്തോടും കൂടി പുതിയ വർഷത്തേക്കു പ്രവേശിക്കുന്നതിന് ഇവനെ (ഇവളെ) സഹായിക്കണമെ. ആമ്മീൻ.

## 5. രോഗികൾക്കുവേണ്ടി

കൃപ മൂലം തന്റെ സൃഷ്ടിയെ സന്ദർശിക്കുകയും, കാരുണ്യാതിരേകത്താൽ അവരുടെ രോഗങ്ങളെ സുഖപ്പെടുത്തുകയും ചെയ്ത സ്വർഗ്ഗീയ വൈദ്യനും, ഔഷധങ്ങളുടെ അരുവിയുമായ കർത്താവേ! നിനക്ക് സ്തുതി. നാഥാ നിന്നെ നോക്കിവിളിച്ച കുഷ്ഠരോഗികൾക്കും,

MALANKARA ORTHODOX TV

